വിക്ടേഴ്സ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും

13-12-2020

കേരളപാഠാവലി- X

കടൽത്തീരത്ത് -04

 മുൻ ക്ലാസിലെ തുടർപ്രവർത്തനങ്ങൾ ഓർമ്മപ്പെടുത്തി.

■ അർത്ഥപൂർണ്ണമായ മൗനം കഥയെ ഭാവസാന്ദ്രമാക്കുന്നുണ്ട് - പ്രസ്താവനയെ സമർത്ഥിക്കുക.

■ ദാരിദ്ര്യം മനുഷ്യരെ നിസ്സഹായരാക്കുന്നു എന്നതിന് പാഠഭാഗത്തു നിന്നും ഉദാഹരണങ്ങൾ കണ്ടെത്തി വിശദീകരിക്കുക.

 കഥയിലെ അവസാന വാക്യങ്ങൾ വിശദീകരിച്ചു.

[ വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു. വെയിലിന്റെ മുകൾത്തട്ടിലെവിടെനിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങി വന്നു.]

■ സാധാരണ മകൻ അച്ഛനമ്മമാർക്ക് ബലിയിടുകയാണ് ചെയ്യുന്നത്. എന്നാൽ ഇവിടെ ഒരച്ഛൻ മകന് ബലിയിടുന്നു.

■ ബലിയിടാനുപയോഗിക്കുന്ന അന്നം അമ്മ (കോടച്ചി) തന്റെ സങ്കടവും ചേർത്ത് പൊതിഞ്ഞ പാഥേയത്തിൽ നിന്നുള്ളതാണ്.

■ വെള്ളായിയപ്പൻ മകന് വേണ്ടി യാത്രയിലുടനീളം കരുതി വെച്ചതാണ് ആ പൊതിച്ചോറ്. യാത്ര തുടങ്ങിയതു മുതൽ അയാൾ ജലപാനം കഴിക്കുന്നില്ല.

■പൊതിച്ചോർ ബലിച്ചോറായി പരിണമിക്കുന്ന ദുരന്തപര്യവസാനം കഥ വികാര സാന്ദ്രമാക്കുന്നു.

■ മരിച്ചു പോയവരുടെ ആത്മാക്കളാണ് കാക്കകൾ എന്ന വിശ്വാസമുണ്ട്. ബലിച്ചോറ് കൊത്താനെത്തുന്ന കാക്കൾ ആത്മാക്കളുടെ സംതൃപ്തിയെ കുറിക്കുന്നു.

■ പൊതിച്ചോർ കഥയിൽ ആദ്യാവസാനം സവിശേഷമായ ഒരു സ്ഥാനം നേടുന്നു.

 കടൽത്തീരത്ത് എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിച്ചു.

■ കഥ, കടൽത്തീരത്ത് അവസാനിക്കുന്നു എന്നതിനാൽ മാത്രമല്ല , അകമേ അലയടിക്കുന്ന സങ്കടങ്ങളുടെ മഹാസാഗരവുമായാണ് വെള്ളായിയപ്പൻ യാത്ര ചെയ്യുന്നത് എന്നതിനാൽ കൂടിയാണ് കഥയ്ക്ക് കടൽത്തീരത്ത് എന്ന പേര് യോജിക്കുന്നത്.

യാത്രക്കിടയിൽ, വെള്ളായിയപ്പൻ ചിലയിടങ്ങളിൽ വിതുമ്പിപ്പോകുന്നുണ്ട് . മകനെ

കാണുമ്പോൾ അയാളുടെ കരച്ചിൽ പെട്ടിപ്പോകുന്നുമുണ്ട്. ആ മനസ്സിലെ കണ്ണീർക്കടൽ തന്നെയാണ് 'കടൽത്തീരത്ത് ' എന്ന ശീർഷകത്തിലെ കടൽ.

 കഥയിലെ കഥാപാത്രങ്ങളെ ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുകയും വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെ വിശകലനം ചെയ്യുകയും ചെയ്തു.

■ വെള്ളായിയപ്പൻ, കോടച്ചി, കണ്ടുണ്ണി, കുട്ട്യസ്സൻ മാപ്ല , നീലി മണ്ണാത്തി , പാറാവുകാരൻ .........

■ വെള്ളായിയപ്പൻ :

■ കഥയിലെ മുഖ്യ കഥപാത്രം - അയാളെ കേന്ദ്രീകരിച്ചാണ് കഥ മുന്നോട്ട് പോകുന്നത്.

■ അയാളുടെ ജീവിത ചുറ്റുപാടുകൾ -

ഗ്രാമീണൻ

ലോകപരിചയം കുറഞ്ഞ സാധു മനുഷ്യൻ

 ദരിദ്രൻ

 കൃഷിക്കാരൻ

 നിരക്ഷരൻ

■ മറ്റു കഥാപാത്രങ്ങളുമായുള്ള ബന്ധം -

 ഗ്രാമവാസികളുമായി നല്ല സൗഹൃദമുള്ള നാട്ടിൻപുറത്തുകാരൻ

 മകനോട് അതിരറ്റ സ്നേഹവാത്സല്യമുള്ള അച്ഛൻ

 മകൻ നഷ്ടപ്പെടുന്നതിലെ സങ്കടം ഉള്ളിലൊതുക്കി നടക്കുന്ന നിസ്സഹായൻ

 തന്റെ ഹൃദയ നൊമ്പരങ്ങള ഉള്ളിലൊതുക്കി നടക്കുന്ന പ്രകൃതം.

 കഥാപാത്ര നിരൂപണം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വ്യക്തമാക്കി

■ കഥാപാത്രത്തിന്റെ ജീവിത ചുറ്റുപാടുകൾ

■ കഥാപാത്രത്തിന്റെ  കഥയിലുള്ള സ്ഥാനം

■ ഇതര കഥാപാത്രങ്ങളുമായുള്ള ബന്ധം

■ വൈകാരികമായ പ്രത്യേകതകൾ.

 ' കടൽത്തീരത്ത് ' എന്ന കഥയെ കുറിച്ച് കഥാകൃത്ത് വി ആർ സുധീഷ് സംസാരിക്കുന്ന വീഡിയോ കാണിച്ചു.

■ വേർപാട് എന്നതാണ് കഥയുടെ പ്രമേയം

■ യാത്ര കഥയിൽ ഒരു രൂപകമാണ്. ജീവിതം തന്നെയാണത്.

■ സംക്ഷിപ്തതയാണ് കഥയെ സുന്ദരമാക്കുന്നത്.

■ അതിസൂക്ഷ്മമാണ് കഥയുടെ ആഖ്യാനം

■ അനാവശ്യമായ ഒരു വാക്യം പോലും കഥയിലില്ല.

 കഥയുടെ ആഖ്യാന സവിശേഷതകൾ ഉദാഹരണ സഹിതം വിശദമാക്കി.

 താളാത്മകമായ ചെറു വാക്യങ്ങളിലൂടെ കഥ പറയുന്ന രീതി -

■ നേരം പതുക്കെപ്പതുക്കെ വെളുത്തു

നേരം പതുക്കെപ്പതുക്കെ കനച്ചു

 ധ്വന്യാത്മകമായ വാക്യങ്ങളിലൂടെ ഹൃദയ ഭാവങ്ങളെ അവതരിപ്പിക്കുന്ന രീതി -

■ആകാശത്തിന്റെ ഇരുട്ടിൽ അകലെയെവിടെയോ വിരിയുന്ന പുലരിയുടെ സൂചന.

- വെള്ളായിയപ്പന്റെ മനസ്സിലെ ദുഃഖത്തിന്റെ ഇരുട്ടും നല്ലതിന്റെ പ്രതീക്ഷയും -

■ ചവിട്ടടിപ്പാത നീണ്ടു പോകുന്നു

- അവസാനിക്കാത്ത ഗ്രാമീണ നന്മയുടെ അടയാളം -

 സജീവമായ വാങ്മയ ചിത്രങ്ങളുടെ വിന്യാസം -

■ അസ്തമയത്തിലൂടെ പാടത്തേക്ക് ഇറങ്ങി നടക്കുന്ന അച്ഛൻ ..........

 കാവ്യാത്മകമായ ഗദ്യഭാഷയുടെ ഉപയോഗം -

 ചലനാത്മകതമായ ഗദ്യഭാഷ -

■ ചവിട്ടടിപ്പാത വെട്ടുവഴിയിൽ ചേർന്നു. വെള്ളായിയപ്പൻ വെട്ടുവഴിയിലൂടെ നടന്നു. വെട്ടുവഴി പുഴയിലേക്കിറങ്ങി.

  വൈകാരികാവസ്ഥയെ അടക്കം ചെയ്ത വാക്യങ്ങൾ -

■ അപരിചിതരുടെ സംഭാഷണം എണ്ണമറ്റ കൊലക്കയറുകളായി.

 കഥയിൽ പ്രകടമാകുന്ന മൂന്ന് തരം പ്രയോഗങ്ങളെ ചൂണ്ടിക്കാട്ടി.

■ സാമൂഹ്യാവസ്ഥയെ കുറിക്കുന്നവ:

ഗ്രാമീണത, ഗ്രാമ-നഗര സംഘർഷം, ദാരിദ്ര്യം .......

■ പാരിസ്ഥിക പശ്ചാത്തലമുള്ളവ :

ഗ്രാമചിത്രം, കരിമ്പന, വെട്ടുവഴി, കാറ്റ്, പുഴ, മേട്, ചവിട്ടടിപ്പാത ...........

■ മാനസിക ഭാവങ്ങളെ കുറിക്കുന്നവ:

സ്ഥായിയിലുള്ള നിലവിളി , ...........

 കഥയുടെ ആഖ്യാനപരമായ സവിശേഷതകൾ ക്രോഡീകരിച്ച് പറഞ്ഞു.

■ കാവ്യാത്മകമായ ഗദ്യഭാഷ

■ താളാത്മകമായ ചെറു വാക്യങ്ങൾ

■ ആശയങ്ങൾ ധ്വനിപ്പിക്കുന്ന വാക്യങ്ങൾ

■ വാക്കുകൾ കൊണ്ട് വരച്ചു വെക്കുന്ന ഓർമ്മചിത്രങ്ങൾ

■ ചലനാത്മക വാക്യങ്ങൾ

■ വൈകാരികമായ ഉള്ളടക്കം

■ വൈവിധ്യമുള്ള പ്രയോഗങ്ങൾ

 ആസ്വാദനക്കുറിപ്പ് തയ്യാറാക്കുമ്പോൾ ഉൾക്കൊള്ളിക്കേണ്ട കാര്യങ്ങൾ ഓർമ്മപ്പെടുത്തി.

പ്രമേയം

കഥാപാത്ര സവിശേഷതകൾ

ആഖ്യാന ശൈലി

സാമൂഹ്യ പശ്ചാത്തലം

പാരിസ്ഥിതിക പശ്ചാത്തലം

ശീർഷത്തിന്റെ ഔചിത്യം

സമകാലിക പ്രസക്തി

സമാന കഥകളുമായുള്ള താരതമ്യം

തുടരപ്രവർത്തനങ്ങൾ :

1. കഥാപാത്ര നിരൂപണം തയ്യാറാക്കുക - വെള്ളായിയപ്പൻ

2.' കടൽത്തീരത്ത് ' എന്ന കഥയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

നവാസ് മന്നൻ

GHSS ശ്രീകണ്ഠപുരം